# ഭാരതീയ റിസർവ് ബാങ്ക്

www.rbi.org.in

ആർബിഐ/2019-20/256
ഡിപിഎസ്എസ്.സിഒ.ഒഡി.നം.1934/06.08.005/2019-20

ജൂൺ 22, 2020

ചെയർമാൻ/ മാനേജിങ് ഡയറക്ടർ/ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,

ഓതറൈസ്ഡ് പെയ്മെന്റ് സിസ്റ്റം ഓപ്പറേറ്റേഴ്സ്

(ബാങ്കുകൾ, ബാങ്ക്- ഇതര സ്ഥാപനങ്ങൾ),

പാർട്ടിസിപ്പന്റ്സ് ഓഫ് പെയ്മെന്റ് സിസ്റ്റംസ്

(ബാങ്കുകൾ, ബാങ്ക്- ഇതര സ്ഥാപനങ്ങൾ)

മാഡം / പ്രിയപ്പെട്ട സർ,

**പണം കൊടുക്കലുകളിൽ വർധിച്ചുവരുന്ന തട്ടിപ്പ് സംഭവങ്ങൾ - ബഹുവിധ മാർഗങ്ങളിലൂടെ പൊതുജന അവബോധ പ്രചാരണങ്ങൾ ശക്തമാക്കൽ**

താങ്കൾക്ക് അറിയാവുന്നത് പോലെ, ഡിജിറ്റൽ പണമിടപാടുകളുടെ സുരക്ഷയും ഭദ്രതയും പരമപ്രധാനമാണ്. പിൻ, ഒടിപി, പാസ്‌വേഡ് മുതലായ നിർണായക വ്യക്തിഗത വിവരങ്ങൾ പങ്ക് വയ്ക്കുന്നത് ഒഴിവാക്കാൻ വേണ്ടി, ഡിജിറ്റൽ പണം കൊടുക്കൽ രീതികളുടെ സുരക്ഷിതമായ ഉപയോഗം സംബന്ധിച്ച് റിസർവ് ബാങ്ക് അതിന്റെ ഇ-ബിഎഎടി പരിപാടികൾ, പ്രചാരണം സംഘടിപ്പിക്കൽ എന്നീ മാർഗങ്ങളിലൂടെ പൊതുജനാവബോധം വർധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു.

2. ഇത്തരത്തിലുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെങ്കിൽകൂടിയും തട്ടിപ്പ് സംഭവങ്ങൾ ഉപയോക്താക്കളെ കുഴപ്പത്തിലാക്കിക്കൊണ്ടിരിക്കുന്നു. ഉപയോക്താക്കളെ അവരുടെ മർമപ്രധാനമായ വിവരങ്ങൾ വെളിപ്പെടുത്താൻ പ്രലോഭിപ്പിക്കുക, സിം കാർഡുകൾ വച്ചുമാറാൻ പ്രേരിപ്പിക്കുക, സന്ദേശങ്ങൾ വഴിയും മെയിലുകൾ

വഴിയും വരുന്ന ലിങ്കുകൾ തുറക്കുക തുടങ്ങിയ രീതികൾ ഉപയോഗിക്കപ്പെടുന്നതിനെതിരെ ഉപയോക്താക്കൾക്ക് ജാഗ്രതാനിർദേശങ്ങൾ നൽകിയിട്ടുള്ള അതേ പ്രവർത്തനരീതികൾ തന്നെയാണ് മിക്കപ്പോഴും ഉപയോഗിച്ചുകാണുന്നത്. ഉപകരണങ്ങളിൽ ശേഖരിച്ചുവച്ചിരിക്കുന്ന മർമ്മ പ്രധാനമായ വിവരങ്ങൾ തുറന്നു കൊടുക്കുന്ന വ്യാജമായ ആപ്ലിക്കേഷനുകൾ ഡൗൺലോഡ് ചെയ്യിപ്പിച്ച് ഉപയോക്താക്കളെ കബളിപ്പിക്കുന്ന സംഭവങ്ങളുമുണ്ട്. ഇക്കാരണത്താൽ പെയ്മെന്റ് രീതികൾ പ്രവർത്തിപ്പിക്കുന്നവരും അവയിൽ ഭാഗഭാക്കാവുന്നവരും - ബാങ്കുകളും ബാങ്ക് - ഇതര സ്ഥാപനങ്ങളും -ഡിജിറ്റൽ സുരക്ഷയെക്കുറിച്ചുള്ള അവബോധം പ്രചരിപ്പിക്കാനുള്ള അവരുടെ ശ്രമങ്ങൾക്ക് തുടർന്നും കരുത്തേകേണ്ടത് അത്യന്താപേക്ഷിതമാണ്.

3. എല്ലാ അംഗീകൃത പെയ്മെന്റ് സിസ്റ്റംസ് ഓപ്പറേറ്റർമാരും ഭാഗഭാഗാക്കാകുന്ന കക്ഷികളും അവരുടെ ഉപയോക്താക്കളെ സുരക്ഷിതവും ഭദ്രവുമായ ഡിജിറ്റൽ പണമിടപാടുകൾ നടത്തുന്നതിൽ അറിവ് നൽകുന്നതിനായി വിവിധ ഭാഷകളിൽ എസ്എംഎസ്-കൾ, അച്ചടി-ദൃശ്യ മാധ്യമങ്ങൾ മാർഗമുള്ള പരസ്യങ്ങൾ തുടങ്ങിയവ ഉപയോഗിച്ചുള്ള പ്രചാരണം ഏറ്റെടുത്ത് നടത്താൻ ഇതിനാൽ അഭ്യർത്ഥിക്കുന്നു.

4. ദയവായി ഇത് കൈപ്പറ്റിയ വിവരം അറിയിക്കുക.

താങ്കളുടെ വിശ്വസ്തതയുള്ള

(പി.വാസുദേവൻ)

ചീഫ് ജനറൽ മാനേജർ